# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ക്ലാപ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa/klm/p8/844/2021 dated 04 -07 -2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/klm/p8/844/2021 dated 04 -07 -2021 തീയ്യതി: 05/07/2021

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 01-04-2019 | 31-03-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രീത.എസ്.എസ്.(ഓഡിറ്റ് ഓഫീസർ ഹ.ഗ്രേഡ്)

ശ്രീ.അരുൺജിത്ത് ജി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.അനിൽകുമാർ എസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി ജമീല ബീവി.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എസ്.എം.ഇക്ബാൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.സുശീന്ദ്രൻ | സെക്രട്ടറി | 01-04-2019 | 04-04-2019 |
| ശ്രീ.കെ.സുശീന്ദ്രൻ | സെക്രട്ടറി | 25-04-2019 | 18-01-2020 |
| ശ്രീ.ജയകുമാർ.ആർ | സെക്രട്ടറി ഇൻചാർജ്ജ് | 19-01-2020 | 23-02-2020 |
| ശ്രീ.കെ.സുശീന്ദ്രൻ | സെക്രട്ടറി | 24-02-2020 | 31-03-2020 |
| ശ്രീമതി.ആശാശങ്കർ | കൃഷി ഓഫീസർ | 01-04-2019 | 30-10-2019 |
| ശ്രീ,ബിനീഷ് വി.ആർ | കൃഷി ഓഫീസർ | 31-10-2019 | 11-11-2019 |
| ശ്രീമതി.മാളു.കെ | കൃഷി ഓഫീസർ | 12-11-2019 | 31-03-2020 |
| ശ്രീമതി.എൽ.ജലജ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ഡോ.ബുഷറ.ടി | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2019 | 01-05-2019 |
| ശ്രീ.ഡോ.ഷെമീർ സിദ്ധിക്ക് | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 02-05-2019 | 18-06-2019 |
| ഡോ.എൽ.ശ്രികല | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 19-06-2019 | 31-03-2020 |
| ഡോ.ജയലത.പി.ആർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ശ്രീന.എസ്.നായർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.ശ്രീജാലക്ഷ്മി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| പ്രേംകുമാർ | വി.ഇ.ഒ-എസർക്കിൾ | 01-04-2019 | 06-11-2019 |
| ഷീബ | വി.ഇ.ഒ-എസർക്കിൾ | 07-11-2019 | 31-03-2020 |
| വീണ | എൽ.വി.ഇ.ഒ | 01-04-2019 | 06-02-2020 |
| സബുന്നിസ.എ | എൽ.വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ലില്ലിക്കുട്ടി | ഐ.സി.ഡി.എസ്.സുപ്പർവൈസർ | 01-04-2019 | 31-03-2020 |
| ലീനജോസ് | അസി.എഞ്ചീനിയർ | 01-04-2019 | 31-03-2020 |
| താര.ആർ | അസി.സെക്രട്ടറി | 01-04-2019 | 11-07-2019 |
| | | 29-07- | 31-03- |

| | | | |
|---|---|---|---|
| ശ്രീ.ജയകുമാർ.ആർ | അസി.സെക്രട്ടറി | 2019 | 2020 |
| പത്മജാദേവി | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| താര.ആർ | സെക്രട്ടറി ഇൻചാർജ്ജ് | 05-04-2019 | 24-04-2019 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arunjith G (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Arunjith G (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Arunjith G (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.S.Preetha (Audit Officer, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: S.S.Preetha (Audit Officer, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7 |
| 9 | സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല-അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naveen Chandran (Audit Officer, On 03-07-2021) | 1-7-1 |
| 10 | ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-2 |
| 11 | പെൻഷണർ മരണപ്പെട്ട തീയതിയ്ക്കും പെൻഷൻ സസ്പെൻറ് ചെയ്ത തീയതിക്കുമിടയിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തു.<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-3 |
| 12 | മരണപ്പെട്ട പെൻഷറുടെ അനർഹമായ കാലയളവിലെ തുക സഹകരണബാങ്കിൽ നിന്ന് സർക്കാരിലേക്ക് തിരിച്ചടവ് ഉറപ്പാക്കേണ്ടതാണ്<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-4 |
| 13 | ക്യാഷ് പരിശോധന<br>Written By: Arunjith G (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S.S.Preetha (Audit Officer, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-10 |
| 16 | സുരക്ഷിത ക്ലാപ്പന- തെരുവുകളിൽ സി സി ടി വി സ്ഥാപിക്കൽ " -പ്രോജക്ട് ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Arunjith G (Senior Grade Auditor, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-11 |

| | | |
|---|---|---|
| 17 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒരു ദിവസത്തെ യാത്രയ്ക്ക് രണ്ടു തവണ ഐ.സി കൈപ്പറ്റി- 2200/ രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-12 |
| 18 | തെരുവുവിളക്കുകളുടെ പരിപാലനം- രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.<br>Written By: Arunjith G (Senior Grade Auditor, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-13 |
| 19 | ഫണ്ട് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-14 |
| 20 | എസ്എസ്.എ വിഹിതം നൽകൽ-വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jameela Beevi M (Auditor, On 21-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-15 |
| 21 | തുല്യതാ പരീക്ഷകളുടെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Jameela Beevi M (Auditor, On 21-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-16 |
| 22 | അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു -പ്രതിവർഷ നഷ്ടം 3,577/- രൂപ<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-17 |
| 23 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-18 |
| 24 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-19 |
| 25 | ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-20 |
| 26 | സുംബ ഡാൻസ്-മാർഗരേഖയ്ക്ക് വിരുദ്ധം<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-21 |
| 27 | ക്യാൻസർ നിർണയ ക്യാമ്പ്-തുക നൽകിയതിന്റെ ആധികാരികത വ്യക്തമല്ല.<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-22 |
| 28 | ജീവിത ശൈലി രോഗനിയന്ത്രണം-രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-23 |
| 29 | കെട്ടിട നിർമ്മാണ മെയിന്റനൻസ്- കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട്ലിട്ടില്ലത്തതിനാൽ- 150000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-24 |
| 30 | പോഷകാഹാര വിതരണം-മാർഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി<br>Written By: Jameela Beevi M (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-25 |
| 31 | ശേഷിവികസനം-ഐ.ഇ.സി പ്രവർത്തനങ്ങൾക്കുള്ള ബോധവത്ക്കരണ ക്യാമ്പ്-തുടർനടപടി വിവരം ലഭ്യമല്ലാത്തതിനാൽ 23450/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: S.S.Preetha (Audit Officer, On 05-07-2021) | 1-26 |
| 32 | ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം | 1-27 |

| | | |
|---|---|---|
| | കണക്കാക്കിയിട്ടില്ല<br>Written By: Arunjith G (Senior Grade Auditor, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | |
| 33 | നിശ്ചിത നിരക്കിൽ നിന്നും കുറവായി പിഴ ഈടാക്കി<br>Written By: S.S.Preetha (Audit Officer, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-28 |
| 34 | ഫൈൻ ഈടാക്കിയതിൽ കുറവ് -ഓഡിറ്റ് പരാമർശത്തെതുടർന്നു തുക അടച്ചു.<br>Written By: S.S.Preetha (Audit Officer, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-29 |
| 35 | പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-30 |
| 36 | ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-31 |
| | **ഭാഗം 2** | |
| 1 | അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു -പ്രതിവർഷ നഷ്ടം 3,577/- രൂപ<br>Written By: S.S.Preetha (Audit Officer, On 29-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 2-1 |
| | **ഭാഗം 3** | |
| 1 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒരു ദിവസത്തെ യാത്രയ്ക്ക് രണ്ടു തവണ ഐ.സി കൈപ്പറ്റി- 2200/ രൂപ നിരാകരിക്കുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 3-1 |
| 2 | സുംമ്പ ഡാൻസ് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം<br>Written By: S.S.Preetha (Audit Officer, On 05-07-2021)<br>Last Updated By: Naseer S (Computer Assistant, On 05-07-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anilkumar S (Senior Grade Auditor, On 28-06-2021)<br>Last Updated By: Naveen Chandran (Audit Officer, On 03-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Anilkumar S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naveen Chandran (Audit Officer, On 03-07-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anilkumar S (Senior Grade Auditor, On 29-06-2021)<br>Last Updated By: S.S.Preetha (Audit Officer, On 05-07-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anilkumar S (Senior Grade Auditor, On 28-06-2021)<br>Last Updated By: S.S.Preetha (Audit Officer, On 05-07-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികൾ | |

## ഭാഗം -1

### 1-1 ബജറ്റ്

16.02.2019 തീയതിയിലെ 1 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.02.20 തീയതിയിലെ 4(1) തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 15.05.20 | 30.04.20 | | |

### 1-2-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ദീർഘകാലമായി ഇടപാടുകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല

| ക്രമനം | ഇനം | അക്കൗണ്ട് നം | ബാങ്ക് | 31.03.20 ലെ ബാലൻസ് തുക | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ബേബി ഫ്രണ്ട്ലി ടോയിലറ്റ് | 57061445754 | എസ്ബിഐ, ക്ലാപ്പന | 51426രൂപ | 01.04.14 മുതൽ യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല. |
| 2 | സാക്ഷരത സമിതി | 57061444987 | എസ്ബിഐ, ക്ലാപ്പന | 11000രൂപ | 25.09.17 ന് ശേഷം യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല. |

നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് ഒടുക്കേണ്ടതാണ്.

2) സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്തിട്ടില്ല.

3) വസ്തുനികുതി ഇനത്തിലെ ഡിമാന്റ് ഇനത്തിൽ സാംഖ്യ, സഞ്ചയ സോഫ്റ്റ്വെയറുകളിൽ കാണിച്ചിട്ടുള്ള തുകകളിൽ വ്യത്യാസം കാണുന്നു. പ്രസ്തുത വ്യത്യാസം ബുക്ക് അഡ്ജസ്റ്റ്മെന്റാണെന്ന മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

4) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ട I- 18 ഷെഡ്യൂളിലെ Prior Period Items ന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

5) ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ 'അതുല്യം- തുടർ സാക്ഷരതാ പരിപാടി' എന്ന പ്രോജക്ടിന്റെ (നം.43/20 ) ചെലവ് തുകയായ ₹48200/- (തനത് ഫണ്ട് ) സുലേഖ സ്റ്റേറ്റുമെന്റിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13917596 |
| വരവ് | 70117195 |
| ആകെ | 84034791 |
| ചെലവ് | 68881536 |
| നീക്കിയിരിപ്പ് | 15153255 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,29,73,000/- | 1,29,73,000/ | 96,59,399/- | 33,13,601/- | ക്യൂബിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 33,13,601/- രൂപ |
| വികസനഫണ്ട് (എസ്.സി.പി) | 0 | 41,41,000/- | 41,41,000/- | 38,43,917/- | 2,97,083/- | ക്യൂബിൽ 2,12,445/- രൂപ |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 99,16,445/- | 99,16,445/- | 73,66,904/- | 25,49,541/- | ക്യൂബിൽ 16,56,346/- രൂപ |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 76,30,000/- | 76,30,000/- | 32,16,704/- | 44,13,296/- | ക്യൂബിൽ 15,84,632/- രൂപ |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 41,65,000/- | 41,65,000/- | 40,27,461/- | 1,37,539/- | -- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം | 0 | 0 | 0 | 79,00,000/- | -79,00,000/- | -- |
| ധനകാര്യപത്രിക പ്രകാരം | 18,63,147/- | 94,41,919/- | 1,13,05,066/ | 91,75,011/- | 21,30,055/- | -- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരം | 0 | 0 | 0 | 13,43,540/- | -13,43,540/- | -- |
| ധനകാര്യപത്രിക പ്രകാരം | 19,47,365/ | 278,59,998/ | 29807363/- | 278,68,947/ | 19,38,416/- | -- |

| ഗ്രാന്റ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 33,13,601/- |
| വികസനഫണ്ട്(എസ്.സി.പി) | 2,97,083/- |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Untied) | 25,49,541/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 44,13,296/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 1,37,539/- |
| ആകെ | 90,99,775/- |

എല്ലാ തുകകളും രൂപയിൽ

വികസന ഫണ്ട് ജനറൽ, എസ് സി പി എന്നിവയിൽ സർക്കാർ ഉത്തരവ് പ്രകാരം അലോട്ട്മെന്റിൽ നിന്നും കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റുമെന്റിന്റെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഈതുകകൾ ചെലവിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത വ്യത്യാസം ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള നീക്കിയിരിപ്പിൽ പ്രതിഫലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വരവിലും ചെലവിലും ഉൾപ്പെടുത്തിയാണ് മേൽ കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായുള്ള ഫണ്ടുകളുടെ വിശദാംശങ്ങൾ

കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| എംജിഎൻആർഇജിഎസ് | ₹9457/- | ₹2,78,35,520/- | ₹2,78,44,977/- | ₹2,78,44,977/- | 0 |
| ടി എസ് സി | ₹18,76,482/- | ₹24,478/- | ₹19,00,960/- | ₹23,450/- | ₹18,77,510/- |
| ഐസിഡിഎസ് | ₹12,21,293/- | ₹9,33,576/- | ₹21,54,869/- | ₹13,20,090/- | ₹8,34,779/- |
| സൻസദ് ആദർശ് ഗ്രാം യോജന | ₹10,000/- | 0 | ₹10,000/- | ₹520/- | ₹9,480/- |
| ബേബി ഫ്രണ്ട് ലി ടോയിലറ്റ് | ₹51,426/- | 0 | ₹51,426/- | 0 | ₹51,426/- |

സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകൾ

| ഫണ്ട് ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|---|
| ലൈഫ് സംസ്ഥാന വിഹിതം | 0 | ₹84,00,000/- | ₹84,00,000/- | ₹79,00,000/- | ₹5,00,000/- |
| ഫിഷറീസ് | ₹28,369/- | 0 | ₹28,369/- | 0 | ₹28,369/- |
| ശുചിത്വ മിഷൻ | ₹51,050/- | 0 | ₹51,050/- | ₹3,630/- | ₹47,420/- |
| വിമുക്തി ഫണ്ട് | ₹28,740/- | 0 | ₹28,740/- | ₹28,740/- | 0 |
| കുടുംബശ്രീ ഫണ്ട് | ₹17,43,988/- | ₹10,41,919/- | ₹27,85,907/- | ₹12,42,641/- | ₹15,43,266/- |
| സാക്ഷരത | ₹11,000/- | 0 | ₹11,000/- | 0 | ₹11,000/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 118951025 | 103 | 51350069 | | 64 | 62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9,457 | 11,27,630 | 11,37,087 | 11,37,087 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,67,07,890 | 2,67,07,890 | 2,67,07,890 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 183720 | 108 |
| കർഷകതൊഴിലാളി പെൻഷൻ | 1668600 | 285 |
| വിധവാപെൻഷൻ | 5330400 | 960 |
| വാർദ്ധക്യകാലപെൻഷൻ | 8922300 | 1703 |
| വികലാംഗപെൻഷൻ | 2056900 | 350 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 414000 | 74 |

### 1-7-1 സസ്പെൻ്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല-അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത

ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെൻറു ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെൻറ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ ക്ലാപ്പന ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻറ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

1-7-2 ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തതു തുക |
|---|---|---|---|---|---|---|
| 1 | സരസമ്മ | കർഷക തൊഴിലാളി പെൻഷൻ | 103050100366 | 24.01.20 | 02/20.മുതൽ 5/21- വരെ | 23100 |
| 2 | സരസമ്മ | വാർദ്ധക്യകാല പെൻഷൻ | 103050200513 | 4.4.20 | 05/20മുതൽ 5/21 വരെ | 18900 |
| 3 | വാസുദേവൻ | കർഷക തൊഴിലാളി പെൻഷൻ | 103050100576 | 29.08.20 | 09/20മുതൽ 5/21 വരെ | 13300 |
| | | | | | | 55300/- |

ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ പഞ്ചായത്തിൽ 19 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച മേയ് 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. ധനകാര്യ വകുപ്പിൻ്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻ്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 55300/- രൂപ ബാങ്കിൽ നിന്നോ അനർഹർ

കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് .അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-7-3 പെൻഷണർ മരണപ്പെട്ട തീയതിയ്ക്കും പെൻഷൻ സസ്പെൻ്റ് ചെയ്ത തീയതിക്കുമിടയിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തു.

പെൻഷണർ മരണപ്പെട്ടതിനു ശേഷം അദ്ദേഹത്തിന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെന്റ് ചെയ്യുന്നതിൽ കാലതാമസം വന്നതിനാൽ അനർഹമായ കാലയളവിലെ പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | കമലമ്മ | വാർദ്ധക്യകാല പെൻഷൻ | 103050200552 | 22.2.20 | 17.6.21 | 3/2020 മുതൽ 5/21 വരെ | 17700 |
| 2 | സരസ്വതിയമ്മ | കർഷക തൊഴിലാളി പെൻഷൻ | 103050100637 | 4.6.20 | 17.6.21 | 7/20മുതൽ 12/20വരെ | 8200 |
| | | | | | | ആകെ | 25900 |

ഓഡിറ്റ് വേളയിൽ പരിശോധിച്ച ഏതാനും ഫയലുകളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 25900/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

1-7-4 മരണപ്പെട്ട പെൻഷറുടെ അനർഹമായ കാലയളവിലെ തുക സഹകരണബാങ്കിൽ നിന്ന് സർക്കാരിലേക്ക് തിരിച്ചടവ് ഉറപ്പാക്കേണ്ടതാണ്

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 17/28.6.21 ൽ 2019 -20 വർഷം അനർഹമായതിനാൽ പെൻഷൻതുക വിതരണം ചെയ്യാത്ത

ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹകരണ ബാങ്കുകളിൽ നിന്നും ശേഖരിച്ച് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സമർപ്പിച്ചില്ല. ഓഡിറ്റിന്റെ പരിശോധനയിൽ കണ്ടെത്തിയതിൽ ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു. ഇതുപോലെ നിരവധി ഉദാഹരണങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | സഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | സൈനബ | വിധവ പെൻഷൻ | 103050600876 | 12.2.20 | 10/2019 മുതൽ 5/21 വരെ | 27000/- |
| 2 | ദേവകി | കർഷക തൊഴിലാളി പെൻഷൻ | 103050100075 | 14.7.20 | 5/20മുതൽ 5/21വരെ | 18500/- |
| 3 | അബ്ദുൾ റഹ്മാൻ കുഞ്ഞ് | വാർദ്ധക്യകാല പെൻഷൻ | 103050200677 | 5.8.20 | 7/20മുതൽ 5/21വരെ | 16700/- |
| 4 | രാഘവൻ | കർഷക തൊഴിലാളി പെൻഷൻ | 103050100243 | 15.9.20 | 9/20മുതൽ 5/21വരെ | 13300/- |
| 5 | കൊച്ചുകുഞ്ഞ് | കർഷക തൊഴിലാളി പെൻഷൻ | 103050100466 | 20.9.20 | 9/20മുതൽ 5/21വരെ | 13300/- |

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20, പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.06.21 ലെ 6809/2020 സർക്കുലർ പ്രകാരം എല്ലാ മാസവും 20 ആം തീയതിക്കകം 'ഡയറക്ട് ഹോം' രീതിയിൽ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളിൽ 'Deceased' എന്ന കാണിച്ചിട്ടുള്ളവരുടെ പെൻഷൻ വിശദമായ അന്വേഷണത്തിലൂടെ സസ്പെൻറ് ചെയ്യേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്യേണ്ടതാണ്. ഒപ്പം വിതരണം ചെയ്യാത്ത തുക സഹകരണ ബാങ്ക് അക്കൗണ്ടിൽ നിന്ന് സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

<u>1-8 ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.21, 3.51 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1080/രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു/ഇല്ല.

<u>1-9 ആഭ്യന്തര നിയന്ത്രണം</u>

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നതിന് സ്ഥാപന രജിസ്റ്റർ പരിപാലിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയിൽ കളക്ഷൻ തന്നെ ഡിമാന്റ് ആയി കണക്കാക്കുന്നു. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ യഥാസമയം എൻട്രികൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. പരാതി പരിഹാര രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും പരിപാലിച്ച് കാണുന്നില്ല.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ പരിപാലിക്കേണ്ട പ്രോജക്ട് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, കരാർ രജിസ്റ്റർ, എന്നിവ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.പ്രവർത്തി നടത്തുന്ന ആസ്തികളുടെ പേര് ആസ്തി രജിസ്റ്ററിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ആസ്തി തിട്ടപ്പെടുത്തി കാലികമാക്കുന്നതിന് ആസ്തി പരിപാലന കമ്മിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി മിനിട്സ് രേഖകളിൽ കാണുന്നുണ്ടെങ്കിലും നാളിതുവരെ കാലികമാക്കിയിട്ടില്ല.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്. നീളം കൂടിയ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തുന്നില്ലയെന്നുള്ളത് പഞ്ചായത്തിന്റെ പൊതുവികസനത്തെ ബാധിക്കുന്നുണ്ട് ഉദാ. കുറ്റിയിടത്ത് ജം മുതൽ മഞ്ഞാടി ജം വരെയുള്ള റോഡ് (1500 മീറ്റർ) ഫണ്ടിന്റെ അപര്യാപ്തത പറഞ്ഞ് പ്രവൃത്തി നടപ്പിലാക്കിയില്ല.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-01-20 To30-01-20 | 2019 Nov., December | 30-01-20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-02-19 | 2013-14 To2017-18 | 08-05-19 |

## 1-11 സുരക്ഷിത ക്ലാപ്പന- തെരുവുകളിൽ സി സി ടി വി സ്ഥാപിക്കൽ " -പ്രോജക്ട് ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ തെരുവുകളിൽ സുരക്ഷാ ആവശ്യങ്ങൾക്കായി സി.സി. ടിവി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് "സുരക്ഷിത ക്ലാപ്പന -തെരുവുകളിൽ സിസിടിവി സ്ഥാപിക്കൽ " രണ്ടു വർഷങ്ങളിലായി

നടപ്പിലാക്കുന്നതിനായി 2018- 19 ലെ പദ്ധതിയിൽ അംഗീകാരം വാങ്ങിയിട്ടുണ്ട്. കെൽട്രോൺ നിർവ്വഹണ ഏജൻസിയായ പ്രോജക്റ്റിന്റെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷത്തിൽ (പ്രോജക്ട് നം.167/19)എസ്റ്റിമേറ്റ് തുകയുടെ 40% തുകയായ ₹35,53,031/- മുൻകൂറായി അനുവദിക്കുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരണത്തിനായി പ്രോജക്ട് നം.78/20 പ്രകാരം ₹53,29,546/- വകയിരുത്തിയിരുന്നു. എന്നാൽ ₹15,00,000/-രൂപയുടെ ചെലവാണ് നടത്തിയിട്ടുള്ളത്(ചെക്ക് നമ്പർ 5989914തീയതി. 30.03.2020 തനത് ഫണ്ട് ട്രഷറി അക്കൗണ്ട്). എസ്റ്റിമേറ്റിൽ പറഞ്ഞ സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ട്രയൽ റൺ നടത്തി അവ സുഗമമായി പ്രവർത്തിക്കുന്നുണ്ടെന്നും ഭരണ സമിതി വിലയിരുത്തിയിട്ടുള്ളതായും ഫയലിൽ കാണുന്നു.

എന്നാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് കെൽട്രോണുമായി എർപ്പെട്ട കരാറിൽ അഴിമതിയുണ്ടെന്നും പ്രവൃത്തി നടത്തിപ്പിൽ ഉപയോഗിച്ച വിവിധ ഉപകരണങ്ങൾ, സാമഗ്രികൾക്ക് ഗുണനിലവാരമില്ലായെന്നും ഒരു യുവജന സംഘടന ആക്ഷേപം ഉന്നയിക്കുകയും ഈ വിഷയത്തിൽ സ്റ്റേറ്റ് വിജിലൻസ് അന്വേഷണം നടത്തുകയും ചെയ്തിട്ടുള്ളതായും ഫയലിൽ കാണുന്നു. പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളതായി കാണുന്നില്ല.

പ്രോജക്റ്റിന്റെ പൂർത്തീകരണ റിപ്പോർട്ട് കെൽട്രോൺ ജനറൽ മാനേജർ 23.08.19 ന് ഗ്രാമപഞ്ചായത്തിന് നല്കുകയും പ്രോജക്ട് ചെലവിൽ ബാക്കി നില്ക്കുന്ന തുകയായ ₹53,29,546/- കൂടി അനുവദിക്കുന്നതിന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 30.03.20 ന് ചേർന്ന ഭരണസമിതി യോഗത്തിൽ പതിനഞ്ച് ലക്ഷം രൂപ മാത്രം അനുവദിക്കുന്നതിനാണ് തീരുമാനിച്ചത് ( തീരുമാനം നം.4/1 ).

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേണക്കുറിപ്പ് ( നം.10/2019-20 24.06.21 ) നുള്ള മറുപടിയിൽ ക്യാമറ സ്ഥാപിച്ചത് സംബന്ധിച്ച പരാതിയിൽ തീർപ്പ് കൽപ്പിക്കാതിരുന്നതിനാൽ ബാലൻസ് തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും പരാതി പരിഹരിക്കുന്നതു പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതുമാണെന്നാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ അഴിമതിയുണ്ടെന്ന ആരോപണത്തെ തുടർന്ന നടത്തിയ വിജിലൻസ് പരിശോധനയുടെ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രോജക്ട് സുതാര്യമായും വിജയകരമായും പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഭരണസമിതിയ്ക്ക് ഉത്തമ ബോധ്യമുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഈ ഇനത്തിൽ നടത്തിയ 15ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-12 ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒരു ദിവസത്തെ യാത്രയ്ക്ക് രണ്ടു തവണ ഐ.സി കൈപ്പറ്റി- 2200/ രൂപ നിരാകരിക്കുന്നു.</u>

2019-20 വർഷത്തിലെ തനത്ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ട്രയിൻയാത്രയ്ക്ക് ഒരു ദിവസം യാത്രയ്ക്ക് രണ്ടു തവണ ഐ.സി കൈപ്പറ്റി. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

ബിൽ നം/ തിയതി-1117/19-20 Dt.30.03.20

| യാത്രചെയ്ത തിയതി സമയം | കൈപ്പറ്റിയ തുക (രൂപ) | അധികം കൈപ്പറ്റിയ തുക(രൂപ) | റിമാർക്സ് |
|---|---|---|---|
| 3.4.19/ 6am To8.30pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 17.4.19 6am To 6.30pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 24.4.19 6am To 6pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 24.5.19 | 400/ | 200/ | തിരുവനന്തപുരം |

| | | | |
|---|---|---|---|
| 6am To 6pm | | | ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 22.6.19<br>6am To 6pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 12.7.19<br>6am To 6pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 16.8.19<br>6am To 6.45pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 15.9.19<br>6am To 7pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 12.10.19<br>6am To 7pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 29.10.19<br>6am To 7pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 5.12.19<br>6am To 7pm | 400/ | 200/ | തിരുവനന്തപുരം<br>ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| ആകെ | 4400/ | 2200/ | |

ഇതു സംബന്ധിച്ച് 28.6.21ൽ നൽകിയ എൻക്വയറി നമ്പർ-18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ട്രാവലിംഗ് അലവൻസിനത്തിൽ അധികംനൽകിയ 2200/ രൂപ ബന്ധപ്പെട്ട മുൻപ്രസിഡന്റിൽ നിന്നോ,ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ ഈടാക്കേണ്ടതാണ്.

<u>1-13 തെരുവുവിളക്കുകളുടെ പരിപാലനം- രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.</u>

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഗ്രാമപഞ്ചായത്തിൽസൂക്ഷിക്കേണ്ടതായിട്ടുള്ള തെരുവുവിളക്കുകളുടെ വിവരങ്ങൾ (എണ്ണം, പോസ്റ്റ് നമ്പർ തുടങ്ങിയവ) രേഖപ്പെടുത്തിയ രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, എന്നിവ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

തെരുവുവിളക്ക പരിപാലനവുമായി ബന്ധപ്പെട്ട സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഓരോ ഇനം സാധനം ഇഷ്യൂ ചെയ്തതിനുശേഷവുമുള്ള സ്റ്റോക്ക് ബാലൻസ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ സാധനങ്ങളുടെ യഥാർത്ഥ സ്റ്റോക്ക് ബാലൻസ് ലഭ്യമല്ല.

അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.08.15 ലെ ജി.2-44274/15 നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായിട്ടും കാണുന്നില്ല. തെരുവിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ ലഭിക്കുന്ന കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ്' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്ററും' 'സ്റ്റോക്ക് ഔട്ട് രജിസ്റ്ററും' റീകൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഏതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം എന്ന കണക്കാക്കിയാണ് കെ എസ് ഇ ബി താരിഫ് നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് യഥാർത്ഥത്തിലുള്ള എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും വ്യക്തമല്ല. എത്ര എണ്ണത്തിന് മീറ്ററിംഗ് നടത്തിയിട്ടുണ്ടെന്നും കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/2019-20 24.06.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് മെമ്പറന്മാരുടെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് 07.11.19 ലെ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിവരവും പുരോഗതി വിവരവും ലഭ്യമല്ല.

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, മെയിന്റനൻസ് ഇനത്തിൽ തൻ വർഷം ₹18,27,021/- ചെലവുചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലാ നിർവ്വഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകളുടെ പരിപാലനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ ഇനത്തിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിലെ ബാലൻസ് , ഫിസിക്കൽ വെരിഫിക്കേഷൻ എന്നിവ നടത്തി ആവശ്യകത നിർണ്ണയിച്ച് മാത്രമാണ് പർച്ചേസുകൾക്ക് അനുവാദം നല്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതും മേൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

<u>1-14 ഫണ്ട് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു</u>

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് വിവിധ ഏജൻസികൾക്ക് അനുവദിച്ചതിൽ താഴെ പറയുന്ന തുകകളുടെ കൈപ്പറ്റ് വിവരം, വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്
(നം.10/2019-20 24.06.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. പേര് | തുക ലഭിച്ച സ്ഥാപനം | ഫണ്ട് ഇനം, അക്കൗണ്ട് വിശദാംശങ്ങൾ | ചെലവ് വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | S0208/2019-20 കോക്ലിയാർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | തനത് ഫണ്ട് , സബ് ട്രഷറി കരുനാഗപ്പള്ളി | 1,15,627/-രൂപ ചെക്ക് നം. 2657506/ 07.02.20 |
| 2 | S0008/2019-20 ജീവനം സൗജന്യ ഡയാലിസിസ് സെന്ററിന് ജില്ലാപഞ്ചായത്തിന് വിഹിതം അടയ്ക്കൽ | ജില്ലാ പഞ്ചായത്ത്, കൊല്ലം | വികസന ഫണ്ട് | 50,000/- രൂപ ബിൽനം . 17/2019-20 18.10.19 |
| 3 | S0004/2019-20 ഐകെഎം ന് വിഹിതം നല്കൽ | ഐകെഎം | വികസന ഫണ്ട് | 75,000/- ബിൽ നം . 13/2019-20/ 20.09.19 |

വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ 2,40,627രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>1-15 എസ്എസ്.എ വിഹിതം നൽകൽ-വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല</u>

<u>പ്രോജക്ട്നമ്പർ - 40/2021</u>

പ്രോജക്ട് : എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ - വികസന ഫണ്ട് (പൊതുവിഭാഗം) - 2,00,000/-രൂപ

ചെലവ് - 2,00,000/- രൂപ

ബിൽനം – 01/19-20 ; 19.09.19

നിർവ്വഹണം : ഹെഡ്മിസ്ട്രസ്

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം 2,00,000/- രൂപ

പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. 2,00,000/- രൂപയുടെ കൈപ്പറ്റു രസീത് ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനക്ക്_ഹാജരാക്കിയില്ല.

വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2,00,000/-രൂപ ചെലവഴിച്ചതിന്റെ സാക്ഷ്യപത്രമാണ് ഹാജരാക്കിയത്. തുക പൂർണ്ണമായും പഞ്ചായത്തിലെ സ്കൂളുകളിൽ ചെലവഴിച്ചതിന്റെ വിശദമായ വിനിയോഗരേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 2,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി - 1/21-06-21
തടസ്സം - 2,00,000/- രൂപ

1-16 തുല്യതാ പരീക്ഷകളുടെ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം-43/2019

നിർവഹണം-ഹെഡ്മിസ്ട്രസ്സ്

അടങ്കൽ-തനത് ഫണ്ട്-71,000/-രൂപ

ചെലവ്-59,300/-രൂപ

ചെക്ക് നം-5989906/23.03.2020-48,200/-
ചെക്ക് നം-5989907/23.03.2020-11,100/-

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 14 പേർക്ക് 2,500/- രൂപ നിരക്കിൽ 12-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 35,000/- രൂപയും 6 പേർക്ക് 2,200/- രൂപ നിരക്കിൽ 11-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 13,200/-രൂപയും 6 പേർക്ക് 1850/- രൂപ നിരക്കിൽ 10-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ11,100/- രൂപയും ഉൾപ്പെടെ 59,300/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ മാത്രമാണ് പരിശോധനയ്ക്കു ലഭ്യമാക്കിയത്.

പഠിതാക്കളുടെ അപേക്ഷകൾ, പരിശീലന ക്ളാസ്സുകളുടെ വിവരങ്ങൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ ഇരു പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 59,300/- രൂപ തടസ്സപ്പെടുത്തുന്നു . രേഖകൾ ആദ്യമറുപടിയോടൊപ്പം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി-1/21-06-21

1-17 അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച -പ്രതിവർഷ നഷ്ടം 3,577/- രൂപ

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, സർക്കാർ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ

തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ എസ്.ആർ.ഒ. 36/2011-ാം നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 വ്യവസ്ഥ അനുസരിച്ച്, ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. ആയതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് പഞ്ചായത്തുകമ്മിറ്റി അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 60/- രൂപയാണ് . എന്നാൽ 2019-20 വർഷത്തിൽ അസസ്ചെയ്ത താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങൾക്ക് മേൽതീരുമാനത്തിനു വിരുദ്ധമായി ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്ക് കണക്കാക്കിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീറ്റർ) | ഈടാക്കുന്ന തുക (രൂപ) | | ഈടാക്കേണ്ടിയിരുന്ന തുക (രൂപ) | | നഷ്ടം (രൂപ) | |
|---|---|---|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ് (5%) | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| 1. | 12/712,713,714<br><br>പ്രസുൺ, ലൗഷുഗർ, ക്ളാപ്പന തെക്ക്, ആലുംപീടിക | 208.8 | 8352<br>(208.8x50=10440)<br>-ഇളവ് 20%=2088 | 418 | 10022<br>(208.8x60=12528)<br>-ഇളവ് 20%=2506 | 502 | 1,670 | 84 |
| 2. | 4/765,766,767<br>തുളസി, കേദാരം, പ്രയാർ തെക്ക്, ആലുംപീടിക | 158.89 | 9534<br>(158.89x50=7945)<br>+വർദ്ധനവ്20%=1589 | 477 | 11441<br>(158.89x60=9534)<br>+വർദ്ധനവ്20%=1907) | 573 | 1,907 | 96 |
| ആകെ | | | | | | | 3,577/- | 180/- |

നികുതി നിർണ്ണയത്തിൽ വന്ന അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ കെട്ടിട ഉടമകളുടെ നികുതി പുനർനിർണ്ണയിച്ച് ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ നികുതി ഈടാക്കേണ്ടതും തൻവർഷം നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി - 11/25.6.21

നഷ്ടം- 3,577/- രൂപ.

## 1-18 തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഗാർഹികേതര കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റേയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥരോട് ആവശ്യപ്പെടുകയോ ഓഫീസ് ഉത്തരവുപ്രകാരം വിവരശേഖരണത്തിനായി സ്റ്റാഫിനെ നിയോഗിക്കുകയോ വർഷത്തിൽ ഒരു നിശ്ചിതസമയത്ത് മേൽ വിവരം നോട്ടീസ് നൽകി സ്വീകരിക്കുന്നതിന് ചുമതലയുള്ള സ്ഥിരം സംവിധാനമോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തൊഴിൽനികുതി

ഈടാക്കുന്നതിന്റെ കൃത്യത വ്യക്തമല്ല. കളക്ഷൻതന്നെ ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (ബി ) പ്രകാരം പഞ്ചായത്തുപ്രദേശത്തെ ഗാർഹികേതരകെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി )യിൽ പറയുന്ന നോട്ടീസ്നൽകി വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. തൊഴിൽനികുതി ഒടുക്കാത്ത ഏതാനും സ്ഥാപനങ്ങൾ ഉദാഹരണമായി ചുവടെ കൊടുക്കുന്നു.

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2019-2020 രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ആദിനാട് ശക്തികുളങ്ങര ദേവസ്വം |
| 2 | ക്ലാപ്പന നോർത്ത്<br>സി.വി.സി.എസ്.<br>ലിമിറ്റഡ് നം.431 |

2) 2019-2020 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-14/25.06.21

## 1-19 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ ലഭിച്ച 2,71,643/-രൂപ (2015-16 സാമ്പത്തിക വർഷം മുതൽ 2018-2019 വരെ) കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നാളിതു വരെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തു പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 210 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 263 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിൽ പുതിയ സ്ഥാപനങ്ങളുടെ കൂട്ടിച്ചേർക്കലും,

പ്രവർത്തിക്കാത്ത സ്ഥാപനങ്ങളെ ഒഴിവാക്കിയും ലിസ്റ്റ് കാലികമാക്കുന്നില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കി. ടി സ്ഥാപനങ്ങൾ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. കൂടാതെ ലൈസൻസ് സംബന്ധിച്ച ബൈലോ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി -15/25.06.21

## 1-21 സുംബ ഡാൻസ്-മാർഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| നിർവഹണം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രോജക്ട് നമ്പർ | So218/20 |
| പ്രോജക്ടിന്റെ പേര് | സൗഖ്യം 2020 |
| അടങ്കൽ തുക | 30,000/-രൂപ<br>(മെയിന്റനൻസ് ഫണ്ട്<br>നോൺ റോഡ്-25,000/-രൂപ,<br>തനത് ഫണ്ട്-5,000/-രൂപ) |
| ചെലവഴിച്ച തുക | 24,150/-രൂപ<br>(മെയിന്റനൻസ് ഫണ്ട്<br>നോൺറോഡ്) |
| ബിൽ നമ്പർ,തീയതി | 15/16.03.20-16,500/-രൂപ<br>21/26.03.20-7,650/-രൂപ |

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി വ്യായാമ പരിശീലനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് സൗഖ്യം 2020 എന്ന പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ആവിഷ്കരിച്ചിരുന്നത്. എന്നാൽ സുംബഡാൻസ് നടത്തിയതിനാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. സുംബഡാൻസ് പിശീലനം നടത്തിയതിന് ശ്രീമതി ദീപാകുമാരിയ്ക്ക് ദിവസം 450/-രൂപ നിരക്കിൽ 47 ദിവസത്തേക്ക് 21,150/-രൂപയും പരിശീലന പരിപാടിയുടെ ഉദ്ഘാടനത്തിനായി 3000/-രൂപയും ഉൾപ്പെടെയാണ് 24,150/-രൂപ ചെലവഴിച്ചത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ രേഖയിൽ ഈയിനം ഉൾപ്പെട്ടിട്ടില്ലെങ്കിലും നൂതന പദ്ധതി എന്ന നിലയിൽ അംഗീകാരം വാങ്ങിയല്ല പദ്ധതി നടപ്പിലാക്കിയത്. ഇതു സംബന്ധിച്ചു നൽകിയ എൻക്വയറിക്ക് സ്ത്രീകൾക്കുള്ള വ്യായാമ പരിപാടിയായാണ് നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി.ആയത് അംഗീകരിക്കുന്നില്ല. പദ്ധതി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിനായി ചെലവഴിച്ച 24,150/-രൂപ നിരാകരിക്കുന്നു.

പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും മാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കാനും ഫലപ്രാപ്തി കൂടി കണക്കിലെടുക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. 24,150/-രൂപ

നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം-16/28.06.2021

നിരാകരിച്ച തുക-24,150/-രൂപ

1-22 ക്യാൻസർ നിർണയ ക്യാമ്പ്-തുക നൽകിയതിന്റെ ആധികാരികത വ്യക്തമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0118/20 |
| പ്രോജക്ടിന്റെ പേര് | ക്യാൻസർ നിർണയ ക്യാമ്പ് |
| അടങ്കൽ തുക | 30,000/-രൂപ<br>(തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 30,000/-രൂപ<br>(തനത് ഫണ്ട്) |
| ചെക്ക് നമ്പർ,തീയതി | 2657501/31.01.20 |

2019-20 വർഷം തനത് ഫണ്ടിൽ നിന്നും 30,000/-രൂപ ചെലവഴിച്ച് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ക്യാൻസർ നിർണയ ക്യാമ്പ് എന്ന പദ്ധതിയിൽ 06.02.2020 ൽ 107 പേരെ പരിശോധിച്ചതായി ഫയലിൽ കാണുന്നു . ഇവരുടെ പരിശോധനാഫലങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. ക്യാൻസർ നിർണയ ക്യാമ്പിന്റെ തുടർനടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തുടർനടപടി വിവരങ്ങൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക(രൂപ) |
|---|---|
| ക്യാൻസർകേർ സെന്റർ | 8,500/- |
| ഭക്ഷണത്തിനായി സ്നേഹ ആക്ടിവിറ്റി ഗ്രൂപ്പിന് | 7950/- |
| ബോസ്കോ കാറ്ററിംഗ് സർവീസ് | 4,410/- |
| വാഹനച്ചെലവായി ശ്രീ സനീഷിന് | 2840/- |
| നോട്ടീസ് പ്രിന്റിംഗ് | 1,600/- |
| ബാനർ | 800/- |
| അക്വിറ്റൻസ് | 3,900/- |
| ആകെ | 30,000/- |

ചെലവ് തുക 30,000/-രൂപ ശ്രീ. പ്രദീപ് കുമാർ, JHI യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ക്യാൻസർകെയർ സെന്ററിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും അക്കൗണ്ട് മുഖേനയല്ല തുക കൈമാറിയിരിക്കുന്നത്. ക്യാഷായി തുക നേരിട്ട് നൽകിയിരിക്കുന്നതായാണ് രേഖകളിൽ നിന്ന് വ്യക്തമാകുന്നത്. 1,000/-രൂപയ്ക്ക് മുകളിലുള്ള തുക ബാങ്ക് അക്കൗണ്ട് മുഖേന നൽകണമെന്ന മാർഗ്ഗ നിർദ്ദേശത്തിന്റെ വ്യക്തമായ ലംഘനമാണ് നടന്നിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അക്കൗണ്ടിലെ തകരാറ് മൂലമാണ് ഇപ്രകാരം തുക നൽകിയതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ക്യാൻസർകെയർ സെന്റർ തുക കൈപ്പറ്റിയതായി ഹാജരാക്കിയിരിക്കുന്ന രേഖ യാതൊരു ആധികാരികതയും ഇല്ലാത്തതാണ്. ആയതിനാൽ ക്യാൻസർകെയർ സെന്ററിന് നൽകിയ 8500/-രൂപ തടസ്സപ്പെടുത്തുന്നു. ക്യാൻസർകെയർ സെന്റർ തുക കൈപ്പറ്റിയതിന്റെ ആധികാരികത ബോധ്യപ്പെടുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-16/28.6.21

തടസ്സം-8500/-

1-23 ജീവിത ശൈലി രോഗനിയന്ത്രണം-രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ-S0117/20, ജീവിത ശൈലി രോഗനിയന്ത്രണം

| | |
|---|---|
| അടങ്കൽ തുക | 1,25,000/-രൂപ<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ചെലവഴിച്ച തുക | 1,24,090/-രൂപ<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ബിൽ നമ്പർ,തീയതി | 5/24.10.19- 18,591/-രൂപ<br>11/16.03.20-94,970/-രൂപ<br>16/16.03.20- 7,508/-രൂപ<br>20/26.03.20-3,021/-രൂപ |

ജീവിത ശൈലി രോഗനിയന്ത്രണം എന്ന പ്രോജക്ട് പ്രകാരം ലാബ് റിഏജന്റ്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ് , ആൽക്കലൈൻ ബാറ്ററി എന്നിവയാണ് വാങ്ങിയിരിക്കുന്നത്. ലാബ് റിഏജന്റ് വാങ്ങുന്നതിന് 74,920/-രൂപയും (ഭാരത് സൈന്റിഫിക് സപ്ലൈ), ഗ്ലൂക്കോമീറ്റർ സ്ട്രിപ്പിനായി 44,210/-രൂപയും (KMSCL), ആൽക്കലൈൻ ബാറ്ററിക്കായി 4,960/-രൂപയും (ഓംകാർ ടൈം സ്റ്റോർ, കരുനാഗപ്പള്ളി) ചെലവഴിച്ചിട്ടുണ്ട്. ഓംകാർ ടൈം സ്റ്റോർ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകാതെ JHI യുടെ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. പർച്ചേസിംഗ് നടപടിക്രമങ്ങൾ പാലിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ലാബ് റിഏജന്റ് വാങ്ങുന്നതിനായി ഭാരത് സൈന്റിഫിക് സപ്ലൈയുടെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കമ്മിറ്റി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് തൃപ്തികരമല്ല. ഭാരത് സൈന്റിഫിക് സപ്ലൈ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തത് സാധൂകരിക്കുന്ന രേഖകളും ഓംകാർ ടൈം സ്റ്റോർ എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തുക നൽകാതെ JHI യുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി-16/28.06.21

1-24 കെട്ടിട നിർമ്മാണ മെയിന്റനൻസ്- കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ലത്തതിനാൽ- 150000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നംമ്പർ-S017/20

ഫണ്ട്-വികസനഫണ്ട് (എസ്.സ്.പി.)

അടങ്കൽ തുക-75,0000/

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 1,50,000/ രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതാണ് പദ്ധതി.

2019-20 വർഷത്തിൽ കെട്ടിട നിർമ്മാണ മെയിന്റനൻസ് ആനുകൂല്യം ലഭിച്ച ശ്രീമതി. പ്രേമ, അമ്പഴവയലിൽ, ക്ലാപ്പന. (വാർഡ്-13/491) എന്ന ഗുണഭോക്താവിന്റെ കെട്ടിടം ഗ്രാമപഞ്ചായത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല. 13-ാം വാർഡിലെ ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെടുത്തിയാണ് ആനുകൂല്യം നൽകിയത്. ഇതു സംബന്ധിച്ച് 23.6.21ന് നൽകിയ എൻക്വയറി നമ്പർ- 6ന് ടി ഗുണഭോക്താവ് 13-ാം വാർഡിൽ ഉൾപ്പെട്ടതാണെന്ന മറുപടിയാണ് നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയത്. കെട്ടിടത്തെ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ ആധികാരിക രേഖയായ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് കെട്ടിട നിർമ്മാണ മെയിന്റനൻസ് ആനുകൂല്യമിനത്തിൽ നൽകിയ 1,50,000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 പോഷകാഹാര വിതരണം-മാർഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0217/20 |
| പ്രോജക്ടിന്റെ പേര് | തലോടൽ |
| അടങ്കൽ തുക | 2,00,000/-രൂപ |

| | |
|---|---|
| | (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | 1,96,621/-രൂപ<br>(തനത് ഫണ്ട്) |
| ചെക്ക് നമ്പർ,തീയതി | 5989908,23.03.20 |

ഗ്രാമപഞ്ചായത്തിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ക്യാൻസർ, വൃക്ക, പ്രമേഹ രോഗികൾക്ക് ചികിത്സയും പോഷകാഹാരവും നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'തലോടൽ' . എന്നാൽ പ്രോജക്ട് പ്രകാരം പ്രോട്ടിൻ പൗഡറും പോഷകാഹാരകിറ്റും വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ചികിയ്സയ്ക്കായി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും ആയത് നടപ്പാക്കിയിട്ടില്ല. മാത്രവുമല്ല പ്രോട്ടിൻ പൗഡറും പോഷകാഹാരകിറ്റും വിതരണം നടത്തുന്നത് മാർഗ്ഗ രേഖയിൽ ഉൾപ്പെടാത്തതുമാണ്.പദ്ധതി നടത്തിപ്പ് സംബന്ധിച്ച് മാർഗ്ഗ രേഖയിൽ ഈയിനം ഉൾപ്പെട്ടിട്ടില്ലെങ്കിലും നൂതന പദ്ധതി എന്ന നിലയിൽ അംഗീകാരം വാങ്ങിയല്ല പദ്ധതി നടപ്പിലാക്കിയത് .

കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് 442 എണ്ണം D-പ്രോട്ടിൻ പൗഡർ വാങ്ങിയതിന് 99,862/-രൂപയും Valayil Stores,കല്ലാപ്പന എന്ന സ്ഥാപനത്തിൽ നിന്ന് 117 എണ്ണം പോഷകാഹാരകിറ്റ് (ആട്ട-1kg, അരി-5kg, മധുരമില്ലാത്ത ബിസ്കറ്റ്-1 Packet, സോയാബീൻ-1/2kg, സാമ്പാർ പരിപ്പ്-1/2kg, കറുത്ത കടല-1/2kg, സൂര്യകാന്തി എണ്ണ-1L, നിലക്കടല-1/4kg, ഓട്സ്-1/2kg, റവ-1kg, വൻപയർ-1kg, ചെറുപയർ-1kg) വാങ്ങിയതിന് 96,759/- രൂപയും ഉൽപ്പെടെ ആകെ 1,96,621/-രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗരേഖ പ്രകാരമുള്ള പർച്ചേസിംഗ് നടപടിക്രമങ്ങൾ പാലിച്ചല്ല വാങ്ങൽ നടത്തിയിരിക്കുന്നത്. Valayil Stores,കല്ലാപ്പന എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മാർഗരേഖയിൽ പ്രതിപാദിക്കാത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ചികിത്സ നടത്തുന്നതിനല്ല പോഷകാഹാരം വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടതെന്നും കമ്മിറ്റി തീരുമാനം ലഭ്യമായിട്ടില്ലെന്നും ലഭ്യമാകുന്ന മുറയ്ക്ക ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മാർഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതിയ്ക്കായി ചെലവഴിച്ച 1,96,621/-രൂപ തടസ്സപ്പെടുത്തുന്നു. സർക്കാർ അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി -16/28.06.21

തടസ്സം-1,96,621/-രൂപ

<u>1-26 ശേഷിവികസനം-ഐ.ഇ.സി പ്രവർത്തനങ്ങൾക്കുള്ള ബോധവത്ക്കരണ ക്യാമ്പ്-തുടർനടപടി വിവരം ലഭ്യമല്ലാത്തതിനാൽ 23450/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>

പ്രോജക്ട് നമ്പർ-207

അടങ്കൽ തുക-44076/

ഫണ്ട്- കേന്ദ്രാവിഷ്കൃതഫണ്ട്

നിർവ്വഹണം-വി.ഇ.ഒ

2019-20 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ശേഷിവികസനം-ഐ.ഇ.സി പ്രവർത്തനങ്ങൾക്കുള്ള ബോധവത്ക്കരണക്യാമ്പ് നടത്തുന്നതിന് 23450/ രൂപ (ബിൽനം. തിയതി - 24/19-20 Dt.9.3.20) ചെലവഴിച്ച തല്ലാതെ തുടർനടപടിവിവരം ലഭ്യമല്ല. ഇതു സംബന്ധിച്ച് 23-6-2021-ൽ നൽകിയ എൻക്വയറി നമ്പർ-4ന് സർക്കാർ ഉത്തരവ് 334/ഡി.സി 1/18/ത.സ്വ.ഭ.വ,21.7.18 പ്രകാരം ഏതുതരത്തിലുള്ള ഐ.ഇ.സി പ്രവർത്തനങ്ങളും ഏറ്റെടുക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയത്. തുടർപ്രവർത്തനമില്ലാതെ ബോധവത്ക്കരണക്യാമ്പ് മാത്രം നടത്തിയതിനാൽ 23,450/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖാമൂലം വിശീകരണം നൽകി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഈ സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ₹19,38,740/- ഒടുക്കിയിട്ടുണ്ട് ( തൻവർഷ തുക ₹15,64,500/- കുടിശിക ₹3,74,240/-). പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം 298 എന്ന കണക്കാക്കിയാണ് വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ് ചെയ്തുവരുന്നത്. എന്നാൽ പ്രവർത്തനക്ഷമമായ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. 06.08.19 ലെ നം.13/1 ഭരണസമിതി തീരുമാനപ്രകാരം പൊതുടാപ്പുകളുടെ എണ്ണം കേരള വാട്ടർ അതോറിറ്റി, ഗ്രാമപഞ്ചായത്ത് അധികാരികളുടെ ടീം സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/19-20 24.06.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പരിശോധന പൂർത്തിയാക്കി പ്രവർത്തനക്ഷമവും പൊതുജനോപകാരപ്രദവുമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി അർഹമായ തുകമാത്രമാണ് വെള്ളക്കരമിനത്തിൽ ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം ടാപ്പുകളുടെ എണ്ണം രേഖപ്പെടുത്തുന്നതിനും വാട്ടർചാർജ്ജ് ഇനത്തിലെ ഒടുക്കുകൾ രേഖപ്പെടുത്തുന്നതിനുമുള്ള രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

1-28 നിശ്ചിത നിരക്കിൽ നിന്നും കുറവായി പിഴ ഈടാക്കി

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ കരാർവെച്ച് സൈറ്റ് കൈമാറിയ തീയതി മുതൽ നിശ്ചിതകാലയളവിനുള്ളിൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പ്രവത്തി പൂർത്തിയാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കേരളാ പൊതുമരാമത്തു വകുപ്പ് മാന്വൽ (2012-ൽ പുതുക്കിയത്) ഖണ്ഡിക 2112-1 പ്രകാരം ബന്ധപ്പെട്ട കരാറുകാർ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിന് അപേക്ഷിക്കുകയോ അവർക്ക് കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ടി മാന്വൽ ഖണ്ഡിക 2116-1 പ്രകാരം കരാറുകാരനിൽനിന്നും കരാർ തുകയുടെ 0.1% നിരക്കിൽ ഓരോ ആഴ്ചയ്ക്കും ലിക്വിഡേറ്റഡ് ഡാമേജ് എന്ന നിലയിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഈടാക്കാതെ കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയിരിക്കുന്നു. ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജിന്റെ വിശദാംശം ചുവടെ ചേർക്കുന്നു;

| ക്രമ നം. | പ്രോജക്ടിന്റെ വിശദാംശം | പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി | കാലതാമസമുണ്ടായ ആഴ്ചകളുടെ എണ്ണം | ഈടാക്കേണ്ട ലിക്വിഡേറ്റഡ് ഡാമേജ് | കുറഞ്ഞ നിരക്കിൽ ഈടാക്കിയ ലിക്വിഡേറ്റഡ് ഡാമേജ് | അധികമായി ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 1. | പ്രോജക്ട് നം. S0094/20 പ്രവത്തിയുടെ പേര് പീടികതറ മുക്ക് കറുത്തേരിൽ മുക്ക് മെറ്റലിംഗ് ടാറിംഗ് &കലുങ്ക് നിർമ്മാണം അടങ്കൽ: 5,00,000 ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)-2,51,476/- വി.ഫ (ധ.കമ്മിഷൻ) 1,99,418/- വി.ഫ (സാ.ധാ.) 49106 | 31.07.2018 | 27.05.2019 | 34 | 20981 | 13516 | 7465 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ടി.എസ് നം.<br>44250/2017-18<br>തീ.15.07.2017<br>കരാർ നം.<br>33/AE/Clp/LSGD/17-18 Dt.31.03.2018<br>കരാറുകാരൻ :<br>ശ്രീ ബദറുദ്ദീൻ<br>പി.എ.സി.<br>കാലയളവ് :4മാസം<br>എം.ബുക്ക് നം.<br>275/17-18<br>ചെലവ് : രൂപ<br>ബിൽ നം<br>09/24.04.2019=<br>4,5125/<br>36/1.10.2019=<br>44,764/-<br>37/19.09.2019=<br>2,06,351/-<br>40/20.01.2020=<br>1,99,418/- | | | | | | |
| 2 | പ്രോജക്റ്റ് നം.<br>132/ 208/19<br>പ്രവത്തിയുടെ പേര്:<br>കളരിക്കത്തറ<br>,ചെറുകര മെറ്റലിംഗ് &<br>ടാറിംഗ്<br>അടങ്കൽ: 400000/-<br>ഫണ്ടിനം :<br>മെയിന്റനൻസ് ഗ്രാന്റ്<br>(റോഡ്)<br>ടി.എസ് നം.<br>26049/17-18<br>കരാർ നം.<br>30/എ.ഇ./<br>എൽ.എസ്.ജി.ഡി/17-18<br>തീയതി.24.03.2018<br>കരാറുകാരൻ :<br>ശ്രീ ബദറുദ്ദീൻ<br>പി.എ.സി. :<br>3,99,492/-<br>കാലയളവ്<br>4 മാസം<br>എം.ബുക്ക് നം.<br>:116//17-18<br>ചെലവ് : 2/19-20<br>തീയതി.08.08.2018 | 24.07.2018 | 28.03.2019 | 35 | 13982 | 11707 | 2275/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2,33,533/-രൂപ ബിൽ നം .4/10.08.19 1,56,712/- | | | | | | |
| 3 | പ്രോജക്ട് നം. എസ്.ഒ. 141/2018 എസ്.വി . നഴ്സറി സെന്റ് ജോസഫ് സ്കൂൾ മെറ്റലിംഗ് ടാറിംഗ് അടങ്കൽ തുക - 3,28,000/- രൂപ- (ധനകാര്യകമ്മിഷൻ ഗ്രാന്റ്.) കരാറുകാരൻ - ശ്രീ. ബദറുദ്ദീൻ ,പറങ്കിമാംമൂട്ടിൽ ഹൗസ്, പട.നോർത്ത്, കരുനാഗപ്പള്ളി. എഗ്രിമെന്റ്നം. 28/AE/Clp/LSGD/17-18 Dt. 24.03.2018 ടി.എസ്.നമ്പർ. LSGD/TS/ 2017-18 /45138/ 11.07.2017 എം.ബുക്ക് നം. 280/17-18 ബിൽ നം. 28/2019-20 തീയതി. 16.08.2019 3,27,365/- എഗ്രീഡ് പി.എ.സി. – 3,27,365/-രൂപ പ്രവൃത്തിമൂല്യം : 3,27,365/-രൂപ ആകെ നികുതി ഇനത്തിൽ 16,499/- രൂപയും പിഴ ഇനത്തിൽ 9821/- രൂപയും ചേർത്ത് 26320/- കുറവ് ചെയ്ത് കരാറുകാരന് അനുവദിച്ച തുക – 3,01,045/-- | 24.07.2018 | 19.03.2019 | 33 | 10803 | 9821 | 982 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ആകെ | | | | | | 10,722/- |

മേൽ പരാമർശം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 12,13 എന്നിവയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ 25.06.2021 ലെ മറുപടി ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കവരുത്താമെന്നാണ്. ഫൈൻ ഇനത്തിൽ ലഭ്യമാകാനുള്ള തുക നിരാകരിക്കുന്നു. അസിസ്റ്റന്റ് എൻജിനീയർ, (എൽ.എസ്.ജി.ഡി) ശ്രീമതി. ലീന ജോസ്. നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതികളിൽ നിന്നും ഈടാക്കാൻ ബാക്കി നില്ക്കുന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്ധ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

1-29 ഫൈൻ ഈടാക്കിയതിൽ കുറവ് -ഓഡിറ്റ് പരാമർശത്തെത്തുടർന്നു തുക അടച്ചു.

2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ ഫൈൻ കുറവായി ഈടാക്കി. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.

(1) പ്രോജ. നം - എസ്.ഒ.130/2018

കാവിന്റെ കുന്നേൽ-ചകിരിക്കുഴി (പെട്രോൾ പമ്പ്)

മെറ്റലിംഗ് ടാറിംഗ് &കലുങ്ക് നിർമ്മാണം

അടങ്കൽ തുക -6,90,000/-(സി.എഫ്. സി ഗ്രാന്റ്)

പി എ.സി തുക- 674029.13/-

കോൺട്രാക്ടർ -ഷിഹാബ്.

എഗ്രി . നം-തീയതി-നം 24/Ae/Clp/Lsgd/Dt.19.02.2018

ചെലവ് തുക- 6,62,041/-

ബിൽ നം-തീയതി-6/2019-20 Dt.30.04.2019- 36,278/-

ബിൽ നം-തീയതി-24/2019-20 Dt.27.07.2019 – 6,25,763/-

പ്രസ്തുത പദ്ധതിയിൽ പ്രവർത്തി മൂല്യത്തിന്റെ 3% പിഴയായി (662041x3% = 19861/-) യാണ് ഈടാക്കിയിട്ടുള്ളത്.

19.06.2018 മുതൽ 01.02.2019 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ

32x0.1%Of674029.13
21568.93/-
ഈടാക്കിയ പിഴ -19861/-
ഈടാക്കാൻ ബാക്കി നില്ക്കുന്ന പിഴ 1708/-(21568.93-19861)

(2) പ്രോജ. നം - 198/2019-20

കരീൽ മണ്ണേൽ-പത്മാഭവനം റോഡ് സംരക്ഷണഭിത്തി നിർമ്മാണം(വാർഡ് 13)

അടങ്കൽ തുക -1,00,000/-(മെയിന്റനൻസ് ഫണ്ട് റോഡ്)

പി എ.സി തുക- 926147.94/-

കോൺട്രാക്ടർ -രാജേന്ദ്രൻ തമ്പി

എഗ്രി . നം-തീയതി-നം 11/Ae/Clp/Lsgd/Dt.20.12.2019

ചെലവ് തുക- 99,904/-

ബിൽ നം-തീയതി-49/2019-20 Dt.11.03.2020 – 49,954/-

ബിൽ നം-തീയതി-50/2019-20 Dt.11.03.2020 – 49,950/-

പ്രവർത്തി മൂല്യത്തിന്റെ 1% പിഴയായി (796345.32x1% = 7964/-) യാണ് ഈടാക്കിയിട്ടുള്ളത്.

19.06.2020 മുതൽ 09.09.2020വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ

11x0.1%Of926147.94

10187.62

ഈടാക്കിയ പിഴ -7964/-

ഈടാക്കാൻ ബാക്കി നില്ക്കുന്ന പിഴ 2223.62/- (10187.62-7964)

ഓഡിറ്റ് എൻക്വയറി നമ്പർ 2 / 22.06.2020 പ്രകാരം ഫൈൻ ഇനത്തിൽ ഈടാക്കാനുള്ള തുക അടവാക്കിയത് ഓഡിറ്റിന് ബോധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കി.

1-30 പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 218 പ്രകാരം പുറമ്പോക്ക് ഭൂമി പഞ്ചായത്തിന്റെ അധീനതയിലാണ്. എന്നാൽ പഞ്ചായത്തിലെ പുറമ്പോക്ക് രജിസ്റ്റർ പ്രകാരം, പുറമ്പോക്ക് ഭൂമി വ്യക്തികൾ, സ്ഥാപനങ്ങൾ ഇവ കയ്യേറിയതായി കാണുന്നു.
വിശദവിവരം ചുവടെ ചേർക്കുന്നു.

| സർവ്വേ നമ്പർ | ഭൂമിയുടെ അളവ്/സ്വഭാവം |
|---|---|
| 601 B | 2 സെന്റ് ഇടത്തോട് |
| 965 B | 2 സെന്റ് തോട് |
| 113 A | 52 സെന്റ് റോഡ് |
| 1325 B | 3 സെന്റ് |
| 1535 $A_2$ | 7 സെന്റ് |
| 1718/1 | 26 സെന്റ് കാവ് |
| 1755 B | 8 സെന്റ് കാവ് |
| 1756 | 19 സെന്റ് കാവ് |
| 1767 | 8 സെന്റ് കുളം |
| 1884 | 18 സെന്റ് |
| 2003 B | 2 സെന്റ് |
| 2106 B | 7 സെന്റ് |
| 2379 | 33 സെന്റ് |
| 3874 | 6 സെന്റ് |
| 2875 | 4 സെന്റ് |
| 2969 C | 5 സെന്റ് |
| 3410 | 9 സെന്റ് (കുളം) |
| 4267/1 | 66 സെന്റ് |
| 6407 | 86 സെന്റ് |
| 6364 A | |
| 6364 B | 3 സെന്റ് |

റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.ടി പരാമർശം മുൻവർഷ റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നു. തുടർനടപടി വിവരം ആവശ്യപ്പെട്ട സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 7/23.06.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-31 ലൈഫ് ഭവനപദ്ധതി-ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ-S107/20

അടങ്കൽ തുക-8,74,10,000

വികസനഫണ്ട് (ജനറൽ)-4,70,000/

സംസ്ഥാനാവിഷ്കൃതഫണ്ട്-7,90,00,000/

ബ്ലോക്ക് വിഹിതം-1,60,000/

മറ്റ്-77,80,000/

നിർവ്വഹണം-വി.ഇ.ഒ

2018-19 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് 2019-20 വർഷത്തിൽ വീട്ടുപണി ആരംഭിച്ചത് 102 ഗുണഭോക്താക്കളാണ്. ഇവരിൽ 3പേർ നാളിതുവരെയും വീട്ടുപണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

1) ശ്രീമതി. സലില, പ്ലാവേലിൽ തെക്കതിൽ, ക്ലാപ്പന. (വാർഡ്-10 )

| ഗഡു | തുക(രൂപ) | ബിൽനം/ തിയതി |
|---|---|---|
| 1 | 40000/ | 1/18-19 Dt.27.07.18 |
| 2 | 160000/ | 9/18-19 Dt.13.02.18 |

മേൽ ഗുണഭോക്താവ് വീടിന്റെ ബെയ്സ്മെന്റ് പണി മാത്രമേ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളു.

2) ശ്രീ. സുരേന്ദ്രൻ, വിനോദ് ഭവനം, ക്ലാപ്പന. (വാർഡ്-3 )

| ഗഡു | തുക (രൂപ) | ബിൽനം/ തിയതി |
|---|---|---|
| 1 | 40000/ | 11/19-20 Dt.22.10.19 |
| 2 | 160000/ | 16/19-20 Dt.31.01.20 |
| 3 | 100000/ | 13/20-21 Dt.19.10.20 |

3) ശ്രീമതി. രോഹിണി, ധർമ്മശ്ശേരിൽ, ക്ലാപ്പന. (വാർഡ്-3 )

| ഗഡു | തുക(രൂപ) | ബിൽനം/ തിയതി |
|---|---|---|
| 1 | 40000/ | 24/19-20 Dt.9.3.20 |
| 2 | 160000/ | 7/20-21 Dt.7.9.21 |
| 3 | 100000/ | 20/20-21 Dt.7.1.21 |

ഇതു സംബന്ധിച്ച് 22-06-21-ൽ നൽകിയ എൻക്വയറിനം-5ന് രണ്ട് ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ശ്രീമതി. സലില, പ്ലാവേലിൽ തെക്കതിൽ, ക്ലാപ്പന. എന്ന ഗുണഭോക്താവിന് നൽകിയ തുക തിരികെഈടാക്കാൻ റവന്യൂ റിക്കവറി നടപടി ആരംഭിക്കാൻ ഭരണസമിതിയോട് ശിപാർശ ചെയ്തിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. രണ്ട് ഗുണഭോക്താക്കൾ വീട്ടുപണി പൂർത്തീകരിച്ചതിന്റെ പൂർത്തികരണസക്ഷ്യപത്രവും, ശ്രീമതി. സലിലയ്ക്ക് വീട്ടുപണി പൂർത്തീകരിക്കാൻ കഴിയുന്നില്ലെങ്കിൽ റവന്യൂ റിക്കവറി നടപടിയിലൂടെ തുക ഈടാക്കി, രേഖകൾ സഹിതം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## ഭാഗം -2

2-1 അംഗീകരിച്ച അടിസ്ഥാന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച -പ്രതിവർഷ നഷ്ടം 3,577/- രൂപ

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട്, സർക്കാർ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്രമീറ്റർ

തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ എസ്.ആർ.ഒ. 36/2011-ാം നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 വ്യവസ്ഥ അനുസരിച്ച്, ഗ്രാമപഞ്ചായത്തു പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. ആയതു പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്ക് പഞ്ചായത്തുകമ്മിറ്റി അംഗീകരിച്ച അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 60/- രൂപയാണ് . എന്നാൽ 2019-20 വർഷത്തിൽ അസസ്ചെയ്ത താഴെപ്പറയുന്ന വാണിജ്യകെട്ടിടങ്ങൾക്ക് മേൽതീരുമാനത്തിനു വിരുദ്ധമായി ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇത്തരത്തിൽ കുറഞ്ഞ നിരക്ക് കണക്കാക്കിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീറ്റർ) | ഈടാക്കുന്ന തുക (രൂപ) | | ഈടാക്കേണ്ടിയിരുന്ന തുക (രൂപ) | | നഷ്ടം (രൂപ) | |
|---|---|---|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ് (5%) | വസ്തു നികുതി | ലൈബ്രറി സെസ് | വസ്തു നികുതി | ലൈബ്രറി സെസ് |
| 1. | 12/712,713,714 പ്രസൂൺ, ലൗഷുഗർ, കല്ലാപ്പന തെക്ക്, ആല്ലുംപീടിക | 208.8 | 8352 (208.8x50=10440) -ഇളവ് 20%=2088 | 418 | 10022 (208.8x60=12528) -ഇളവ് 20%=2506 | 502 | 1,670 | 84 |
| 2. | 4/765,766,767 തുളസി, കേദാരം, പ്രയാർ തെക്ക്, ആല്ലുംപീടിക | 158.89 | 9534 (158.89x50=7945) +വർദ്ധനവ്20%=1589 | 477 | 11441 (158.89x60=9534) +വർദ്ധനവ്20%=1907) | 573 | 1,907 | 96 |
| ആകെ | | | | | | | 3,577/- | 180/- |

നികുതി നിർണ്ണയത്തിൽ വന്ന അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ കെട്ടിട ഉടമകളുടെ നികുതി പുനർനിർണ്ണയിച്ച് ആയത് പ്രകാരം തുടർന്നുള്ള വർഷങ്ങളിൽ നികുതി ഈടാക്കേണ്ടതും തൻവർഷം നഷ്ടമായ തുക കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി – 11/25.6.21

നഷ്ടം- 3,577/- രൂപ.

## ഭാഗം -3

### 3-1 ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒരു ദിവസത്തെ യാത്രയ്ക്ക് രണ്ടു തവണ ഐ.സി കൈപ്പറ്റി- 2200/ രൂപ നിരാകരിക്കുന്നു.

2019-20 വർഷത്തിലെ തനത്ഫണ്ട് വൌച്ചറുകളുടെ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ട്രയിൻയാത്രയ്ക്ക് ഒരു ദിവസം രണ്ടു തവണ ഐ.സി കൈപ്പറ്റി. വിശദാംശങ്ങൾ താഴെപ്പറയുംപ്രകാരമാണ്.

ബിൽ നം/ തിയതി-1117/19-20 Dt.30.03.20

| യാത്രചെയ്ത | കൈപ്പറ്റിയ | അധികംകൈപ്പറ്റിയ | റിമാർക്സ് |
|---|---|---|---|

| തിയതി സമയം | തുക (രൂപ) | തുക(രൂപ) | |
|---|---|---|---|
| 3.4.19/ 6am To8.30pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 17.4.19 6am To 6.30pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 24.4.19 6am To 6pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 24.5.19 6am To 6pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 22.6.19 6am To 6pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 12.7.19 6am To 6pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 16.8.19 6am To 6.45pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 15.9.19 6am To 7pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 12.10.19 6am To 7pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 29.10.19 6am To 7pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| 5.12.19 6am To 7pm | 400/ | 200/ | തിരുവനന്തപുരം ഗവ.സെക്രട്ടറിയേറ്റിലേക്കുള്ള യാത്ര. |
| ആകെ | 4400/ | 2200/ | |

ഇതു സംബന്ധിച്ച് 28.6.21ൽ നൽകിയ എൻക്വയറി നമ്പർ-18ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ട്രാവലിംഗ് അലവൻസിനത്തിൽ അധികംനൽകിയ 2200/ രൂപ ബന്ധപ്പെട്ട മുൻപ്രസിഡന്റിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ ഈടാക്കേണ്ടതാണ്.

<u>3-2 സുംമ്പ ഡാൻസ് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം</u>

| | |
|---|---|
| നിർവഹണം | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| പ്രോജക്ട് നമ്പർ | S0218/20 |
| പ്രോജക്ടിന്റെ പേര് | സൗഖ്യം 2020 |
| അടങ്കൽ തുക | 30,000/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്-25,000/-രൂപ, തനത് ഫണ്ട്-5,000/-രൂപ) |
| ചെലവഴിച്ച തുക | 24,150/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ബിൽ നമ്പർ,തീയതി | 15/16.03.20-16,500/-രൂപ 21/26.03.20-7,650/-രൂപ |

ഗ്രാമപഞ്ചായത്തിലെ വനിതകൾക്ക് രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനായി വ്യായാമ പരിശീലനം നടത്തുക എന്ന ലക്ഷ്യത്തോടെയാണ് സൗഖ്യം 2020 എന്ന പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ആവിഷ്കരിച്ചിരുന്നത്. എന്നാൽ സുംബഡാൻസ് നടത്തിയതിനാണ് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. സുംബഡാൻസ് പിശീലനം നടത്തിയതിന് ശ്രീമതി ദീപാകുമാരിയ്ക്ക് ദിവസം 450/-രൂപ നിരക്കിൽ 47 ദിവസത്തേക്ക് 21,150/-രൂപയും പരിശീലന പരിപാടിയുടെ ഉദ്ഘാടനത്തിനായി 3000/-രൂപയും ഉൾപ്പെടെയാണ് 24,150/-രൂപ ചെലവഴിച്ചത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗ രേഖയിൽ ഈയിനം ഉൾപ്പെട്ടിട്ടില്ലെങ്കിലും നൂതന പദ്ധതി എന്ന നിലയിൽ അംഗീകാരം വാങ്ങിയല്ല പദ്ധതി നടപ്പിലാക്കിയത്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് സ്ത്രീകൾക്കുള്ള വ്യായാമ പരിപാടിയായാണ് നടത്തിയത് എന്ന് മറുപടി ലഭ്യമാക്കി.ആയത് അംഗീകരിക്കുന്നില്ല. പദ്ധതി മാർഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിനായി ചെലവഴിച്ച 24,150/-രൂപ നിരാകരിക്കുന്നു.

പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും മാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കാനും ഫലപ്രാപ്തി കൂടി കണക്കിലെടുക്കുവാനും നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. 24,150/-രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം - 16/28.06.2021

നിരാകരിച്ച തുക - 24,150/-രൂപ

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.6.21 | കെ.എസ്. എ./കെ. എൽ. എം./പി.8/ 844/2021/04.07.2021 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് കൊല്ലം | 2019-20 | 200000/ | 12/19-20-പാലിന് സബ്സിഡി | 200000/ | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2019-20 | 120000/ | 13/19-20 അനുപൂരക പോഷാകഹാരം (ജനറൽ) | 120000/ | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2019-20 | 100000/ | 109/19-20 അനുപൂരക പോഷാകഹാരം (എസ്.സി) | 100000/ | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2019-20 | 66000/ | 15/19-20 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കോളർഷിപ്പ് | 66000/ | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2018-19 | 170000/ | 108/19-20 ഗാർഹിക കുടിവെള്ള കണക്ഷൻ | 50000/ | 120000/ |
| ബ്ലോക്ക് പഞ്ചായത്ത്, | 2019-20 | 1512475/ | 109/19-20ലൈഫ് | 16000/ | 1352475 |

| | | | | | |
|---|---|---|---|---|---|
| ഓച്ചിറ | | | ഭവനപദ്ധതി | | |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2019-20 | 200000/ | 13/19-20 അനുപൂരക പോഷാകഹാരം(ജനറൽ) | 200000/ | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ് ഇ.ബി ഓച്ചിറ | ഇലക്ട്രിക് പോസ്റ്റ് 212 ൽ വാർഡ്-3 | 2190989 Dt.28.2.20 | 16162/ | 0 | 16162/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 77,80,000/രൂപ വരവുണ്ട്. മുൻബാക്കി 0/രൂപയടക്കം 77,80,000/രൂപയിൽ 77,80,000/രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി | | 77,80,000/ | 12020930/ | 14,41,177 | 0 | 1,83,59,753/ |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 2017-18 | 2 | 2017-18 | 2 | തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,40,34,791/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,88,81,536/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3,577/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26,350/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 23,78,498/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3,577/- | | ശ്രീ. സുശീന്ദ്രൻ, (സെക്രട്ടറി) |
| 3-1 | | 2,200/- | ശ്രീ. സുശീന്ദ്രൻ, (സെക്രട്ടറി) |
| 3-2 | | 24,150/- | ഡോ. എൽ. ശ്രീകല (മെഡിക്കൽ ഓഫീസർ) |

(ബി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 15,00,000/- | ശ്രീ. സുശീന്ദ്രൻ, (സെക്രട്ടറി) |
| 1-14 | 75,000/- | ശ്രീ. സുശീന്ദ്രൻ, (സെക്രട്ടറി) |
| 1-14 | 50,000/- | ശ്രീ. സുശീന്ദ്രൻ, (സെക്രട്ടറി) |
| 1-14 | 1,15,627/- | ശ്രീ. ജയകുമാർ. ആർ (സെക്രട്ടറി-ഇൻ-ചാർജ്ജ്) |
| 1-15 | 2,00,000/- | ശ്രീമതി. എൻ. ജലജ, (എച്ച്.എം) |
| 1-16 | 59,300/- | ശ്രീമതി. എൻ. ജലജ, (എച്ച്.എം) |
| 1-22 | 8,500/- | ഡോ. എൻ. ശ്രീകല (മെഡിക്കൽ ഓഫീസർ) |
| 1-24 | 1,50,000/- | ശ്രീമതി. ഷീബ, (എൽ.വി.ഇ.ഒ. ഗ്രേഡ്-2) |
| 1-25 | 1,96,621/- | ഡോ. എൻ. ശ്രീകല (മെഡിക്കൽ ഓഫീസർ) |
| 1-26 | 23,450/- | ശ്രീമതി. സബുന്നിസ. എ (എൽ.വി.ഇ.ഒ.ഗ്രേഡ്-2) |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-7(1) മുതൽ 1-7(4) വരെ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുശീന്ദ്രൻ.കെ സെക്രട്ടറി | സെക്രട്ടറി ക്ലാപ്പന ഗ്രാമപഞ്ചായത്ത് | അശോകം, അമ്പലത്തും ഭാഗം പോരുവഴി, കൊല്ലം. |
| ശ്രീജയകുമാർ, അസി.സെക്രട്ടറി | ക്ലാപ്പന ഗ്രാമപഞ്ചായത്ത് | കുന്നംപുറത്ത് ഹൗസ്, വെള്ളനാതുരുത്ത് ചെറിയഴിക്കൽ പി.ഒ കരുനാഗപ്പള്ളി,കൊല്ലം |
| ശ്രീമതി.ഷീബ, വി.ഇ.ഒ | വി.ഇ.ഒ ക്ലാപ്പന ഗ്രാമപഞ്ചായത്ത് | ബൈത്ത്-നൂറ് ആദിനാട് സൗത്ത്, കാട്ടിൽക്കടവ്.പി.ഒ, കൊല്ലം |
| ശ്രീമതി സാബുന്നിസ.എ, വി.ഇ.ഒ | വി.ഇ.ഒ ക്ലാപ്പന ഗ്രാമപഞ്ചായത്ത് | കണ്ണേൽഹൗസ്, പ്രയാർ സൗത്ത് കാട്ടിൽക്കടവ്.പി.ഒ ഓച്ചിറ,കൊല്ലം |
| ഡോ.ശ്രീകല, മെഡിക്കൽഓഫീസർ, എഫ്.എച്ച്.സി | എഫ്.എച്ച്.സി ക്ലാപ്പന | ജ്യോതിസ്, പട-നോർത്ത് കരുനാഗപ്പള്ളി,കൊല്ലം |
| ശ്രീമതി. എൽ.ജലജ, ഹെഡ്മിസ്ട്രസ്സ് | ഗവ.എൽ.പി.എസ് വരവിള | കോട്ടയിൽ, ക്ലാപ്പന പി.ഒ, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 4 |
| 1998-99 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 3 |
| 1999-2000 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 3 |
| 2000-01 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 7 |
| 2002-03 | കെ.എസ്.എ-കെ.എൽ.എം-പി8381/18 | 3 |

| | | |
|---|---|---|
| | തിയതി-21.02.18 | |
| 2003-04 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 2 |
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തിയതി-21.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി8/727(1)/18 തിയതി-29.05.19 | 2 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി8/727(3)/18 തിയതി-29.05.19 | 1 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി8/727(4)/18 തിയതി-29.05.19 | 2 |
| 2011-12 | കെ.എസ്.എ-കെ.എൽ.എം-പി2-111/16 തിയതി- | 3 |
| 2012-13 | കെ.എസ്.എ-കെ.എൽ.എം-പി2-1163/14 തിയതി-17.11.14 | 8 |
| 2013-14& 2014-15 | കെ.എസ്.എ-കെ.എൽ.എം-പി2/231/16 തിയതി-3.10.16 | 14 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി8/1823/16 തിയതി-25.10.17 | 10 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി2/1751/17 തിയതി-9.4.18 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി8/1485/18 തിയതി-9.5.19 | 19 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി8/455/20 തിയതി-3.6.20 | 25 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർഗ്രേഡ്)
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.